
വിഎച്ച്എസ്എസ് ഇരുമ്പനം

# നിനവുകൾ



LK/2018/26039

പത്രാധിപ സമിതി
ഐസക് എൽ തമ്പി
ദേവരഥൻ എം പി
ഉദയ് കൃഷ്ണ
ശിവകുമാർ എസ്
ആദിത്യ ജോയ്

വി.എച്ച്.എസ്.എസ്.ഇരുമ്പനം

# വി എച്ച് എസ് എസ് ഇരുമ്പനം

# നിനവുകൾ

## ഇ – മാഗസിൻ 2018 – 2019




ലിറ്റിൽ കൈറ്റ്സിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സ്കൂൾ അസംബ്ലിയിൽ വച്ച് , നഗരസഭ കൗൺസിലർ സിന്ധു മധുകുമാർ , മാനേജർ എം ഐ പോളിക്ക് കൈമാറുന്നു.



സ്കൂൾ വാർഷികം



സ്കൂൾ എസ് പി സി യൂണിറ്റ്






**പുസ്തകപ്രദർശനം**







**പുസ്തകപ്രദർശനം ഉദ്ഘാടനം**




**കയ്യെഴുത്തുമാസികകൾ**



**മോട്ടിവേഷൻ ക്ലാസ്**

## ഉള്ളടക്കം

എൻറെ കേരളം കവിത........................................................................................................................9
കേരളം ചരിത്രത്താളുകളിലൂടെ..........................................................................................................10
"വായന നമ്മുടെ ചങ്ങാതി "................................................................................................................11
വൈക്കം മുഹമ്മദ് ബഷീർ......................................................................................................................12
കള്ളക്കുറുക്കൻ.......................................................................................................................................13
പഴഞ്ചൊല്ലുകൾ......................................................................................................................................14
ഏഴ പാപങ്ങൾ........................................................................................................................................16
ശ്രീനാരായണഗുരു.................................................................................................................................17
നന്മനാട് കവിത.....................................................................................................................................18
മഴക്കുട്ടൻ കവിത..................................................................................................................................19
വൃദ്ധപരിചരണം.....................................................................................................................................20
കാസ്പിയൻ കടൽ...................................................................................................................................21
കുമാരനാശാൻ.......................................................................................................................................22
My mother..............................................................................................................................................23
ലഹരിയുടെ പ്രത്യാഘാതങ്ങൾ..............................................................................................................24

## എൻറെ കേരളം

**കവിത**

മലരായ്.......നിരയായ്.........കാറ്റായ്

സുഗന്ധമായ് ശീതള ചാതുര്യം

മായുന്ന എന്റെ കേരളം

പച്ച വിരിയുന്ന നെൽപ്പാടവും

മാധുര്യം ചേർത്തിരുന്ന എൻറെ കേരളം

ഇനിയും ഒരു ഓർമ്മയായി

ദൈവത്തിൻറെ സ്വന്തം നാട്



എവിടെ പോയ് സുന്ദരകേരളം ?

എവിടെപ്പോയ് ? ചെകുത്താന്റെ കാൽക്കീഴിൽ നീ തല വണങ്ങിയോ?

പ്ലാസ്റ്റിക്കും ഗൾഫ് പണവും നിന്നെ മൂടിക്കളഞ്ഞുവോ?

എൻറെ കേരളമേ നീ തിരിച്ചുവരു

പ്രകൃതി മാധുര്യമേറിയ സുന്ദരകേരളം ആണെന്റെ സ്വപ്നം.

വി.എച്ച്.എസ്.എസ്.ഇരുമ്പനം

# കേരളം ചരിത്രത്താളുകളിലൂടെ

പരശുരാമൻ ഗോകർണ്ണത്തിൽനിന്നും എറിഞ്ഞ മഴു കന്യാകുമാരിയിൽ ചെന്നു വീഴുകയും അത്രയും ദൂരം കടൽ പിൻവാങ്ങി കേരളം ഉണ്ടായി എന്നുമാണ് ഐതിഹ്യം . അങ്ങനെയുണ്ടായ ഭൂവിഭാഗത്തെ ഭാർഗ്ഗവക്ഷേത്രമെന്നും പരശുരാമക്ഷേത്രം എന്നും പറയാറുണ്ട് .



ഐതിഹ്യം എന്തുതന്നെയായാലും സഹ്യപർവ്വതത്തിനും അറബിക്കടലിനുമിടയിൽ രൂപംകൊണ്ട ഈ വിഭാഗത്തെ കുറിച്ച് പ്രാചീന സംസ്കൃത സാഹിത്യ കൃതികളിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട് മാർക്കോപോളോ , മെഗസ്തനീസ് , ഇബ്നുബത്തൂത്ത , പ്ലിനി , ടോളമി ടവർണ്ണിയർ തുടങ്ങിയവരുടെ സഞ്ചാരസാഹിത്യകൃതികൾ കേരളചരിത്രത്തിലേക്ക് വെളിച്ചം വീശുന്നവയാണ് .പുരാതനകാലം മുതൽക്കേ ഇവിടെ സുലഭമായ സുഗന്ധവ്യഞ്ജനങ്ങളാണ് അറബികൾ , റോമാക്കാർ , ചൈനാക്കാർ തുടങ്ങിയ വിദേശികളെ കേരളവുമായി ബന്ധപ്പെടുത്തിയത് .

ഭാഷയിലും സാമൂഹിക ജീവിതത്തിലും തമിഴ് സ്വാധീനം ചെലുത്തിയ സംഘകാലഘട്ടത്തിൽ , കേരളത്തിൽ ആയ്, ഏഴിമാല , ചേരരാജവംശങ്ങൾ പ്രബലരായിരുന്നു. ചിലപ്പതികാരം , അകനാനൂറ് , പുറനാനൂറ് തുടങ്ങിയ സംഘകാലകൃതികളിലൂടെ അന്നത്തെ സാമൂഹിക വ്യവസ്ഥകളെ കുറിച്ച് അറിയാൻ കഴിയുന്നുണ്ട് എ.ഡി. 500ാമാണ്ടു വരെയുള്ള സംഘകാലത്ത് കേരളം സമൃദ്ധമായ ഒരു ഭൂവിഭാഗമായിരുന്നു



# വായിച്ചാൽ വളരും
# വായിച്ചില്ലെങ്കിൽ വരളും
# വായിച്ചാൽ വിളയും
# വായിച്ചില്ലെങ്കിൽ വളയും




## "വായന നമ്മുടെ ചങ്ങാതി "

കുഞ്ഞുണ്ണിമാഷിന്റെ ഈ വരികൾ ഒരു ഓർമ്മപ്പെടുത്തലായി എന്നും എപ്പോഴും നമുക്ക് ചുറ്റുമുണ്ട് .വായന മനുഷ്യനെ പൂർണനാക്കുന്നു . വായനയിലൂടെ നമ്മുടെ സംസ്കാരത്തെ തിരിച്ചറിയാൻ സഹായിക്കുന്നു . നാം അക്ഷരങ്ങളുടെ ലോകത്തേക്ക് യാത്ര പോകുമ്പോൾ വിജ്ഞാനത്തിന്റെയും വൈവിധ്യത്തിന്റെയും മാധുര്യം അറിയുകയാണ് നാം. വായനയിലൂടെ നാം ഒരു പുതിയ ജീവിതവുമായി മുന്നേറുന്നു . മലയാളത്തെ സ്നേഹിക്കാനും ഭാഷയെ തൊട്ടറിയാനും പഠിക്കുവാനും വീയന ഉപകരിക്കുന്നു. മാധ്യമങ്ങളുടെ സാന്നിധ്യമുണ്ടെങ്കിലും വായനയിലെ രസകരവും സന്തോഷകരവുമായ വാക്കുകളും അനുഭവങ്ങളും  മാധ്യമങ്ങളിൽ ലഭ്യമല്ല .

മഹാന്മാരായ എത്രയോ ആളുകൾ എഴുതിയ പുസ്തകങ്ങൾ ആണ് നാം വായിക്കുന്നത് അവരുടെ അറിവ് നമ്മളോരോരുത്തരും സ്വാംശീകരിക്കുന്നു.  വായന മനുഷ്യനെ പൂർണനാക്കുന്നു . സംസ്കാരസമ്പന്നനായ മനുഷ്യന് വായന ആനന്ദം നൽകുന്നു .വായന വിശാലമായ കാഴ്ചപ്പാട് നൽകുകയും , മുൻവിധികൾ ഇല്ലാതാക്കുകയും ചെയ്യുന്നു . നല്ല ഗ്രന്ഥങ്ങൾ മാത്രം തിരഞ്ഞെടുത്ത് വായിച്ചാൽ വായനയിലൂടെ അറിവും ആനന്ദവും ലഭിക്കും. ഗ്രന്ഥങ്ങളുടെ മഹാസാഗരമായ ഈ ലോകത്ത് വായിച്ചും അവയുമായി ഇണങ്ങിച്ചേർന്നും നമുക്ക് പുതുതലമുറയെ വാർത്തെടുക്കാൻ കഴിയുമെന്ന് പ്രത്യാശിക്കാം.

വി.എച്ച്.എസ്.എസ്.ഇരുമ്പനം


## വൈക്കം മുഹമ്മദ് ബഷീർ



1908 ജനവരി 19 ന് വൈക്കത്തിനടുത്ത് തലയോലപ്പറമ്പിൽ ജനിച്ചു . മലയാള ചെറുകഥയെയും നോവലിനെയും പുതിയ മാർഗ്ഗത്തിലൂടെ നയിച്ചു . സവിശേഷമായ ഒരു വ്യക്തിത്വവും ശൈലിയും ബഷീർ കഥകളെ പെട്ടെന്ന് ശ്രദ്ധേയമാക്കി .1972 ൽ കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു .പാത്തുമ്മയുടെ ആട് , ബാല്യകാലസഖി , ന്റുപ്പുപ്പാക്ക് ഒരാനേ ണ്ടാർന്നു , ശബ്ദങ്ങൾ , മതിലുകൾ , ആനവാരിയും പൊൻകുരിശും തുടങ്ങിയവ പ്രധാനകൃതികൾ . വായനക്കാരനെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നവയാണ് ബഷീർ കൃതികൾ. 1994 ജൂലൈ 5 ന് ബഷീർ ലോകത്തോട് വിട പറഞ്ഞു

## കള്ളക്കുറുക്കൻ

ഒരിടത്തൊരിടത്ത് കിട്ടുവെന്ന് ഒരു കുറുക്കൻ ഉണ്ടായിരുന്നു . അവൻ മഹാ വികൃതിയായിരുന്നു . ഒരുദിവസം കാട്ടിലൂടെ നടക്കുമ്പോൾ ചത്തു കിടക്കുന്ന ഒരു കടുവയെ കണ്ടു . കിട്ടു കടുവയുടെ പുറത്ത് കയറി നിന്നു. എന്നിട്ട് ഞാൻ കടുവയെ കൊന്നേ... കടുവയെ കൊന്നേ... എന്ന് അലറാൻ തുടങ്ങി . ഇതുകേട്ട് കാട്ടിലെ മൃഗങ്ങളെല്ലാം ഓടിക്കൂടി. അവർ പതിയെ കിട്ടുവിനെ പേടിച്ചു തുടങ്ങി.



മറ്റൊരു ദിവസം കിട്ടു നടക്കാനിറങ്ങിയപ്പോൾ വഴിയിൽ ഒരു കരടി ചത്തുകിടക്കുന്നത് അവൻ ശ്രദ്ധിച്ചു. അവൻ കരടിയുടെ പുറത്തുകയറി നിന്ന് അലറാൻ തുടങ്ങി "ഞാൻ കരടി കരടിയെ കൊന്നേ...... ഞാൻ കരടിയെ കൊന്നേ....." ഇതെല്ലാം മരത്തിലിരുന്ന് മിന്നു മൈന കാണുന്നുണ്ടായിരുന്നു. പിന്നീട് കാട്ടിലെ എല്ലാ മൃഗങ്ങൾക്കും കിട്ടുവിനെ പേടിയായി .

ഒരുദിവസം കിട്ടു നടക്കാനിറങ്ങിയപ്പോൾ ഒരു കാട്ടാന കിടക്കുന്നത് കണ്ടു . ചത്തു കിടക്കുകയാണെന്ന് കരുതി ഉറങ്ങിക്കിടക്കുന്ന കാട്ടാനയുടെ പുറത്തുകയറി അവൻ അലറാൻ തുടങ്ങി . ശബ്ദംകേട്ട് ചാടിയെഴുന്നേറ്റ ആനയുടെ പുറത്തുനിന്നും കിട്ടു താഴെവീണു . "ശക്തിയൊക്കെ എവിടെപ്പോയി ?ചങ്ങാതീ, ഇല്ലാത്ത ശക്തി ഉണ്ടെന്ന് ഭാവിക്കുന്നത് കള്ളന്മാരാണ് ." മിന്നു മൈന പറഞ്ഞു . ഇതു കേട്ട് കിട്ടു നാണിച്ചു തലതാഴ്ത്തി തിരിച്ചുപോയി.

## പഴഞ്ചൊല്ലുകൾ

അറയ്ക്കൽ മേനോന്റെ തലയിലെഴുത്ത് അമർത്തിച്ചെരച്ചാൽ പോകുമോ

അലക്കൊഴിഞ്ഞിട്ട് പെണ്ണുകെട്ടാൻ നേരമില്ല

അപ്പം തിന്നാൽ പോരേ കുഴി എണ്ണണോ ?

അരപ്പണി ആശാനെയും കാണിക്കരുത്

അമ്മ മതിൽ ചാടിയാൽ മകൾ ഗോപുരം ചാടും

അല്പന് അർത്ഥം കിട്ടിയാൽ അർദ്ധ രാത്രി കുട പിടിക്കും

നിലമറിഞ്ഞ് വിത്തിടണം

വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും അല്ലെങ്കിൽ ചക്ക കൊമ്പത്തും ഇല്ല

കാര്യം കാണാൻ കഴുതക്കാലും പിടിക്കണം

കുറുക്കൻ ചത്താലും കണ്ണ് കോഴിക്കൂട്ടിൽ തന്നെ

ഏച്ചു കെട്ടിയാൽ മുഴച്ചു നിൽക്കും

മിണ്ടാപ്പൂച്ച കലമുടക്കും

ഇലനക്കിപ്പട്ടിയുടെ ചിറി നക്കിപ്പട്ടി

ഈനാംപേച്ചിക്ക് മരപ്പട്ടി  കൂട്ട്

പയ്യെത്തിന്നാൽ പനയും തിന്നാം

# പേടമാൻ

**മാ**നേ മാനേ പേടമാനെ നിന്നെ

കാണാനെന്തുരസം

റോസാപ്പൂ ഇതളുകൾ പോലെ നിന്നെ


കാണാൻ എന്തു രസം

മുല്ലപ്പൂമൊട്ടുകൾ പോലെ നിന്നെ കാണാൻ

എന്തു രസം

താമര തന്നുടെ പൂവുകൾ പോലെ നിന്നെ

കാണാൻ എന്തു രസം



വെള്ളയുടുപ്പിട്ട പൂമ്പാറ്റേ , വെള്ളയുടുപ്പിട്ട പൂമ്പാറ്റേ ,

പൂവിൽ തുള്ളിക്കളിച്ചു നീ എങ്ങോട്ടാ ?

വെള്ളാരംകുന്നിലെ താഴ്വരയിൽ വെള്ളില

തേടിപ്പറക്കയാണോ?

വെള്ളിലക്കൂട്ടത്തിൽ പോയിരുന്നാൽ

കള്ളൻ കണ്ടു പിടിക്കില്ലല്ലോ !!


മുല്ലപ്പൂവുണ്ട് മന്ദാരമുണ്ടെൻ മുറ്റത്ത്

നീ എങ്ങും പോകേണ്ട , വെള്ളയുടുപ്പിട്ട പൂമ്പാറ്റേ



# ഏഴ് പാപങ്ങൾ

**ഗാ**ന്ധിജി നിർവചിച്ച ഏഴ് പാപങ്ങൾ



ലക്ഷ്യമില്ലാത്ത രാഷ്ട്രീയം

പരിശ്രമം ഇല്ലാതെ നേടുന്ന ധനം


ധാർമികത ഇല്ലാത്ത കച്ചവടം

നന്മ ഇല്ലാത്ത വിദ്യാഭ്യാസം

മനസാക്ഷിക്ക് വിരുദ്ധമായ സുഖം

മനുഷ്യത്വമില്ലാത്ത ശാസ്ത്രം

ത്യാഗം ഇല്ലാത്ത പ്രാർത്ഥന



# ശ്രീനാരായണഗുരു

**പ**ത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാംഘട്ടം കേരളത്തിൽ സാമൂഹികമായ മാറ്റങ്ങൾക്കുവേണ്ടിയുള്ള ചലനങ്ങൾ ഉണ്ടായ കാലമാണ് .സ്വാതന്ത്ര്യസമരത്തിന്റെ അലയൊലികൾ ഈ കാലത്ത് ഉയർന്നിരുന്നു. വിദ്യാഭ്യാസരംഗത്തും സാഹിത്യ സാംസ്കാരിക രംഗങ്ങളിലും ഉണ്ടായ പുരോഗതികൾ പത്തൊമ്പതാം നൂറ്റാണ്ടിലെ അവസാന കാലത്തെ ശ്രദ്ധേയമാക്കുന്നു. ജാതിയുടെയും പേരിലുള്ള അസമത്വങ്ങൾ നിലനിന്ന ഒരു കാലമാണിത് . ഈ കാലഘട്ടത്തിൽ ജീവിതത്തിലെ എല്ലാ മേഖലകളെയും സ്പർശിക്കുന്ന സമഗ്രമായ ഒരു ദർശനവുമായി ശ്രീനാരായണഗുരു രംഗപ്രവേശം ചെയ്തു . കേരളത്തിലെ സാമൂഹിക പരിഷ്കർത്താവ് , ആധ്യാത്മികാചാര്യൻ , കേരളത്തിലെ നവോത്ഥാനത്തിൽ മുഖ്യപങ്കുവഹിച്ച കവി , യോഗി , ശ്രീനാരായണ ധർമ്മ പരിപാലന സംഘ സ്ഥാപകൻ - എന്നീ നിലകളിലെല്ലാം പ്രധാന പങ്കുവഹിച്ചു . ജനനം 1854 ആഗസ്റ്റ് 20 ന് ചെമ്പഴന്തി ഗ്രാമത്തിൽ . ചെറുപ്പത്തിൽ തന്നെ മലയാളം , തമിഴ് ഭാഷകൾ കാവ്യം , നാടകം , അലങ്കാരം , സംസ്കൃതം തുടങ്ങിയവയൊക്കെ അഭ്യസിച്ചു.

**നമ്മനാട്** **കവിത**

**പ**ച്ചപ്പുതപ്പ് നാണം മറയ്ക്കുന്ന സുന്ദര കാഴ്ചയാണ് എൻറെ നാട്

പുലർകാല മഞ്ഞിൻ കുളിരു മാറ്റുവാൻ ഇളവെയിൽ കൊള്ളുന്ന നല്ല നാട്

മനുജ മാർജ്ജാര ഹൃദയകാഠിന്യം തളർത്തി നിന്നെ

പറവകൾ ചെറുമരം എവിടെയാണീ മരുവിൽ ?

പൂക്കളും കിളികളും ശലഭങ്ങളും

എന്നാൽ മരങ്ങളും കണ്ടില്ല

വയലേലകൾ നല്ല നീർച്ചാൽ കുളങ്ങളും

മർക്കടൻ തൻ മുന്നിൽ പൂമാലയായ്

അംബരചുംബികൾ ഓരോന്നൊരുക്കുവാൻ

അമ്മയാം ഭൂമിയെ വേട്ടയാടി

നഗ്ന മാതാവിന് ഉടയാടയേകുവാൻ

ഒരു മരം നട്ടിടുമോ

മക്കളെപ്പോറ്റി പുലർത്തുന്ന പോലെ നാം

അമ്മരം വാടാതെ കാത്തിടേണം

**[ ഫസീല സിഎസ് ]**

**മഴക്കുട്ടൻ** **കവിത**

മഴ മഴ മഴ മഴ പെയ്യുന്നു

ചറപറ ചറപറ താളവുമായ്

മഴയിൽ കുതിരാൻ എന്തു സുഖം

മഴയിൽ കളിക്കാൻ എന്തുരസം

മഴ മഴ മഴ മഴ പെയ്യുന്നു

ചറപറ ചറപറ താളവുമായ്

കാർമേഘങ്ങൾ ഇരുളുന്നു

മഴവിൽക്കാവടി വന്നെത്തി

മരങ്ങൾ കാറ്റിലാടുന്നു

മഴ മഴ മഴ മഴ പെയ്യുന്നു

തവളകൾ "മാക്രോ" കരയുന്നു

കിളികൾ കികി കികി ചിലയ്ക്കുന്നു

മീനുകൾ പൊങ്ങിച്ചാടുന്നു

മഴ മഴ മഴ മഴ പെയ്യുന്നു

ചറപറ ചറപറ താളവുമായ്

**[മിഥുന എസ് ]**

## വൃദ്ധപരിചരണം

നമ്മുടെ സമൂഹത്തിലെ മനുഷ്യരിൽ 20 ശതമാനത്തിലധികം വൃദ്ധജനങ്ങൾ ആണ് .ജീവിതകാലം മുഴുവൻ അധ്വാനിച്ച് അതിനുശേഷം വാർദ്ധക്യത്തെ അഭിമുഖീകരിക്കുമ്പോൾ അവർക്ക് അനേകം പ്രശ്നങ്ങൾ നേരിടേണ്ടിവരുന്നു. തിരക്കുപിടിച്ച ആധുനിക ജീവിതത്തിൽ വൃദ്ധജനങ്ങൾ പലപ്പോഴും അവഗണിക്കപ്പെടുന്നു . മാറിവരുന്ന സാമൂഹിക പരിതസ്ഥിതിയിൽ വൃദ്ധജനങ്ങളും നിരവധിയാണ് യുവത്വത്തിന്റെ ആഘോഷമാണ് നാം എവിടെയും കാണുന്നത്. യുവത്വമാണ് ഇവിടെ ആദർശം . അതുകൊണ്ടുതന്നെ വൃദ്ധജനങ്ങളും യുവാവിന്റെ അല്ലെങ്കിൽ യുവതിയുടെ രൂപത്തിൽ പ്രത്യക്ഷപ്പെടാൻ ആണ് ആഗ്രഹിക്കുന്നത് . സമൂഹത്തിനുവേണ്ടി പുതിയ വേഷം കെട്ടുന്നു . അവഗണിക്കപ്പെടുന്ന വാർദ്ധക്യം ഒരു യാഥാർഥ്യമാണ് . വൃദ്ധ ജനങ്ങളെ സംരക്ഷിക്കേണ്ട ബാധ്യതയുണ്ട് എന്ന യാഥാർഥ്യം തിരിച്ചറിഞ്ഞ് നമുക്ക് മുന്നോട്ടു പോകാം

**[അർച്ചന എൻ]**

# കാസ്പിയൻ കടൽ

രേഷ്മ പി എസ് 9c

**ലോ**കത്തിലെ ഏറ്റവും വലിയ തടാകമാണ് കാസ്പിയൻ .കടൽ 437400 ചതുരശ്ര കിലോമീറ്റർ വ്യാപിച്ചുകിടക്കുന്ന കാസ്പിയൻ കടൽ , ഏഷ്യ യൂറോപ്പ് വൻകരകളുടെ അതിർത്തി നിർണയിക്കുന്നു . കാസ്പിയൻ കടലിൽ അഞ്ചിൽ നാല് ഭാഗവും റഷ്യയുടെ അധീനതയിലാണ് . ശേഷിച്ച ഭാഗം ഇറാനിലും . 80 ശതമാനവും നദിയിൽ നിന്നാണ് കൂടാതെ മുതലായ നദികളിലൂടെയും ജലം ഒഴുകിയെത്തുന്നു .അക്ഷാംശ രേഖാംശ വ്യാപ്തി കൂടുതലായതിനാൽ വിവിധഭാഗങ്ങളിൽ വ്യത്യസ്തരീതിയിലുള്ള കാലാവസ്ഥയാണ് അനുഭവപ്പെടുന്നത് . കാസ്പിയൻ കടലിൽ താണുപോയ പല പട്ടണങ്ങളെ സംബന്ധിച്ചുള്ള കഥകളും പ്രചാരത്തിലുണ്ട് . ഈ തടാകത്തിൽ നിന്ന് കിട്ടിയ വിലപിടിപ്പുള്ളതും ചരിത്രമൂല്യം ഉള്ളതുമായ വസ്തുക്കൾ അസർബൈജാനിൽ പുരാവസ്തു പ്രദർശന കേന്ദ്രത്തിൽ സൂക്ഷിച്ചിരിക്കുന്നു

## കുമാരനാശാൻ

(1873-1924)

മലയാള കവിയും സാമൂഹിക പരിഷ്കർത്താവുമായ കുമാരനാശാൻ കായിക്കര കടയ്ക്കാവൂരിൽ ജനിച്ചു . ആധുനികമലയാള കവിത്രയത്തിൽ ഒരാളായ അദ്ദേഹം ആദ്യകാലത്ത് സംസ്കൃതം പഠിച്ചു . ശ്രീനാരായണഗുരുവിന്റെ നിർദ്ദേശപ്രകാരം വേദശാസ്ത്രാദികളിൽ ഉപരിപഠനം നടത്തി ഇംഗ്ലീഷ് , ബംഗാളി തുടങ്ങിയ ഭാഷാസാഹിത്യം ആശാൻ അഭ്യസിച്ചു.




1903 ൽ എസ് എൻ ഡി പിയുടെ ജനറൽസെക്രട്ടറിയായി 1904 ൽ യോഗത്തിന്റെ പ്രസിദ്ധീകരണമായ വിവേകോദയം ആശാൻ ആരംഭിച്ചു . 1908 ൽ വീണപൂവിന്റെ പ്രസിദ്ധീകരണത്തിലൂടെ ആശാൻ കവിതയിൽ പ്രകടമായ വഴിത്തിരിവുണ്ടായി . നളിനി , ലീല ,ചിന്താവിഷ്ടയായ സീത തുടങ്ങിയ നവചൈതന്യം പ്രസരിക്കുന്ന കവിതകളിലൂടെ ആശാൻ ശ്രദ്ധിക്കപ്പെട്ടു. 1922 ൽ വെയിൽസ് രാജകുമാരൻ ആശാന് പട്ടും വളയും സമ്മാനിച്ചു . പല്ലനയാറ്റിലുണ്ടായ അപകടത്തിലാണ് കുമാരനാശാൻ അന്തരിച്ചത് .

## My mother

My mother my mother she loves me she cares for me day by day she helps me more my mother my only mother

My mother my mother she is the best of all

She knows what is troubling me

She knows what is happening to me

My mother she is my mother

My mother my mother

she does for me what she can

She cries for me whenever she leaves me

She is my mother my only mother

My mother my mother

Bingle Binu 9C

# ലഹരിയുടെ പ്രത്യാഘാതങ്ങൾ

നമ്മുടെ സമൂഹത്തിൽ നടമാടുന്ന വലിയ വിപത്തുകളിൽ ഒന്നാണ് മദ്യപാനവും പുകവലിയും. മയക്കുമരുന്ന് ഉപയോഗം ഒട്ടേറെ വ്യക്തികളെയും കുടുംബങ്ങളെയും രോഗാതുരമാക്കുന്ന നശിപ്പിക്കാനും കഴിയുന്നു. ഇന്നും പല രൂപത്തിലും തീവ്രതയിലും ഉള്ള പല മയക്കുമരുന്നുകളും സ്കൂൾ വിദ്യാർഥികളെ ആകർഷിക്കുകയും ഒടുവിൽ ജീവൻ തന്നെ കവർന്നെടുക്കുകയും ചെയ്യുന്നു.

ചെറുപ്പക്കാരും രസത്തിനുവേണ്ടി കഴിച്ചു തുടങ്ങുന്ന ലഹരി തീരുന്ന അളവ് ക്രമേണ ശാരീരികവും രോഗങ്ങൾ പിടിപെടുന്നു പെരുമാറാനോ നന്നായി കഴിയാതെവരുന്നു. വീട്ടിലുള്ളവർ



മുതിർന്നവരും കൂടിച്ചേർന്ന് അല്പാല്പമായി പിന്നീട് പതിവായി കൂടിവരികയും മാനസികവുമായ മറ്റുള്ളവരുടെ മാന്യമായി ജോലി ചെയ്യാനോ അത്തരക്കാരുടെ അനുഭവിക്കുന്ന

ക്ലേശങ്ങൾ പ്രത്യേകം വിവരിക്കേണ്ട കാര്യമില്ല.

ഇങ്ങനെ മദ്യത്തിന് അടിമകൾ അവരുടെ എണ്ണം കൂടി വന്നാൽ നമ്മുടെ നാടിന്റെ ഗതി എന്താവും..? വളരെ ഗൗരവമായി ചിന്തിക്കേണ്ട കാര്യമാണ് ഇത് ഇടയ്ക്കിടെ നമ്മുടെ നാട്ടിൽ ഉണ്ടാകുന്ന മദ്യദുരന്തങ്ങൾ വരുത്തിവയ്ക്കുന്ന മരണങ്ങളും അപകടങ്ങളും എത്രയെത്ര? അതിലൂടെ അനാഥരാകുന്ന സ്ത്രീകളും കുട്ടികളും എത്രയോ പേരാണ്? പട്ടിണിയും പരിവട്ടവുമായി ഒത്തിരിപേർ കഴിയേണ്ടിവരുന്നത് മദ്യഷാപ്പിന്റെ കടന്നാക്രമണം മൂലമാണ്.

അമേരിക്കൻ പ്രസിഡണ്ടായിരുന്ന ഹാരി ട്രൂമാൻ ഒരിക്കൽ പറയുകയുണ്ടായി കൊളംബസ് ഇന്ത്യയിലേക്ക് കൊണ്ടുവന്ന അവർ അദ്ദേഹത്തിന് പുകയില കൊടുത്തു എന്താണ് ചെയ്തത് എന്ന കാര്യം സംശയമാണ് ഈ ഉദ്ധരണി പുകവലിയുടെ ചരിത്രത്തിലേക്ക് പലതിലേക്കും ഒരേസമയം നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു

മതിൽകെട്ടുകൾ ഇല്ലാത്ത ജീവിതം അനന്തമായ സ്വാതന്ത്ര്യം തുടങ്ങിയ ആകർഷണങ്ങളാണ് പുതിയ ഇരകൾക്ക് മുന്നിലേക്ക് നീട്ടുന്നത്. മദ്യനിരോധനം പൊതുസ്ഥലത്തെ പുകവലി നിരോധനം യുവാക്കളെ അതിഭീകരമായ ലഹരി നേടാൻ

വഴികാട്ടിയായി. കായികമായ ശേഷികൾ വികസിപ്പിക്കാൻ കുട്ടികളിലെ പിടികൂടി പരിശീലനം നല്ലണമെന്ന് പറയാറുണ്ട്. അതുപോലെ കുട്ടികളെ പുകയില ശീലം പിടികൂടുന്നതിനും മുൻപ് അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിയത് മുളയിലെ നുള്ളി കളയാം സർക്കാരും സന്നദ്ധസംഘടനകളും ജാഗ്രൂകരാകേണ്ടിയിരിക്കുന്നു

-------------------------------------------